3. പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കുവേണ്ടിയുള്ള ഡിസൈൻ റിപ്പോർട്ടുകൾ തയ്യാറാക്കുക.

4. ടെണ്ടർ ഡോക്കുമെന്റുകൾ തയ്യാറാക്കുക.

5. പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക.

6. ട്രെയിനിംഗ് നടപ്പിലാക്കൽ.

(സി) കരാറുകാരെ പ്രീ-ക്വാളിഫൈ ചെയ്യുക, കോൺട്രാക്ടർമാരുടെ ടെക്നിക്കൽ ബിഡുകളും ഫിനാൻഷ്യൽ ബിഡുകളും അംഗീകരിക്കുക എന്നീ കാര്യങ്ങളിൽ അന്തിമതീരുമാനം എടുക്കാൻ എംപവേർഡ് കമ്മിറ്റിക്ക് അധികാരമുണ്ട്. കൂടാതെ ടെണ്ടറുകൾ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും തീരുമാനം എടുക്കുവാൻ ഈ കമ്മിറ്റിക്ക് അധികാരമുണ്ട്. പദ്ധതിയുടെ ആവശ്യത്തിന് വേണ്ടിവരുന്ന ഫണ്ട് മൂന്നു മാസത്തിലൊരിക്കൽ മുൻകൂർ നിശ്ചയിച്ച് ആവശ്യാനുസരണം നൽകുന്നതിന് ഫണ്ട് റിലീസ് കമ്മിറ്റിക്ക് അധികാരമുണ്ട്.

(ഡി) നിശ്ചിത സമയത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) പദ്ധതിക്കുവേണ്ടിയുള്ള സർവ്വേ ജോലികൾ മുൻകൂട്ടി കണ്ടിരുന്നതിനേക്കാൾ കൂടുതൽ വിസ്തൃതിയിൽ നടത്തേണ്ടിവന്നു. ഇത് പദ്ധതിയുടെ ഡിസൈനുകൾ പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടാക്കിയിട്ടുണ്ട്.

അഗസ്ത്യാർകൂടം സംരക്ഷിക്കാൻ നടപടി

92 [3346] *ശ്രീ. പി. ജെ. ജോയി:*
„ *വി. ഡി. സതീശൻ:*
„ *കെ. മോഹൻകുമാർ:*
„ *കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗസ്ത്യാർകൂടം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2004-2005 വർഷത്തിൽ ഈ പ്രദേശം എത്രപേർ സന്ദർശിച്ചു;

(സി) ഇവിടെ വരുന്നവർക്ക് പ്രാഥമികാവശ്യത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പ്ലാസ്റ്റിക് കവറുകളും ഭക്ഷ്യാവശിഷ്ടവും മറ്റുംകൊണ്ട് ഈ പ്രദേശം മലിനമാകുന്നത് തടയുന്നതിന് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത മലനിരകളിലുള്ള ഔഷധസസ്യങ്ങൾ നശിക്കാതിരിക്കുന്നതിന് എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) അഗസ്ത്യാർകൂടം സന്ദർശനം മകര വിളക്ക് മുതൽ ശിവരാത്രി വരെയുള്ള കാലത്തേക്ക് മാത്രം അനുവദിച്ചും, സന്ദർശകരുടെ എണ്ണം നിയന്ത്രിച്ചും, സന്ദർശകർക്ക് പാസ് ഏർപ്പെടുത്തിയും, 20 പേർ അടങ്ങുന്ന ഓരോ സംഘത്തോടൊപ്പം ഓരോ ഗൈഡിനെ നിയോഗിച്ചും, മലനിരകൾക്കോ, ജൈവ സമ്പത്തിനോ, ശോഷണം വരാത്ത രീതിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും, സംരക്ഷിത പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും, വേനൽക്കാലത്ത് അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയും അഗസ്ത്യാർകൂടം സംരക്ഷിച്ചുവരുന്നു.

(ബി) 6109 പേർ.

(സി) താൽക്കാലിക സൗകര്യങ്ങൾ എല്ലാ കൊല്ലവും ഏർപ്പെടുത്താറുണ്ട്.

(ഡി) പ്ലാസ്റ്റിക് കവറുകളും ഭക്ഷ്യാവശിഷ്ടവും മറ്റുംകൊണ്ട് ഈ പ്രദേശം മലിനമാകാതിരിക്കുന്നതിന്, പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം നിരോധിക്കുകയും, കൂടാതെ തീർത്ഥാടകർ ഉപേക്ഷിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യാൻ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇവർ മാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്യുന്നത് ഉദ്യോഗസ്ഥൻമാർ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

(ഇ) സന്ദർശനവേളയിൽ ഔഷധസസ്യങ്ങൾക്ക് നാശം വരുത്താതിരിക്കുന്നതിന് ഈ പ്രദേശത്തിന്റെ ജൈവസവിശേഷതകളെക്കുറിച്ച് സന്ദർശകരെ ബോധവൽക്കരിക്കുകയും ഔഷധസസ്യങ്ങൾ നശിപ്പിക്കാതിരിക്കുന്നതിന്, കർശനമായ നിർദ്ദേശം നൽകുകയും, അഗസ്ത്യാർകൂടത്തേക്കുള്ള വഴിത്താരയിൽ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കുകയും, ഗൈഡുകളുടെ നിയന്ത്രണത്തിൽ സന്ദർശകരുടെ യാത്രാവേളയിൽ ഔഷധസസ്യങ്ങൾ നശിപ്പിക്കുകയില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

ചന്ദന മാഫിയാ ആക്രമണം

93 [3347] *ശ്രീ. ലൂഡി ലൂയിസ്:*
,, കെ. എ. ചന്ദ്രൻ:
,, സി. പി. മുഹമ്മദ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂരിലും പരിസരപ്രദേശത്തും ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ വനപാലകർക്കെതിരെ ചന്ദന മാഫിയയുടെ എത്ര ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly